02-04-2022

SATURDAY

ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-02/04/2022.

1. പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന പദ്ധതിയിലൂടെ **സൂക്ഷ്മ ജലസേചന സംവിധാനങ്ങൾ കൃഷിയിടങ്ങളിൽ സബ്സിഡിയോടു** കൂടി സ്ഥാപിക്കുന്നതിന് കൃഷിവകുപ്പ് അപേക്ഷകൾ ക്ഷണിക്കുന്നു. ഡ്രിപ്പ്, സ്പ്രിംഗ്ളർ എന്നീ ആധുനിക ജലസേചന രീതികളുടെ ഗുണഭോക്താക്കളാകുവാൻ ഈ പദ്ധതിയിലൂടെ കർഷകർക്ക് അവസരം ലഭിക്കുന്നു. ചെറുകിട നാമമാത്ര കർഷർക്ക് പദ്ധതി ചെലവിന്റെ അനുവദനീയ തുകയുടെ 80 ശതമാനവും മറ്റുള്ള കർഷകർക്ക് 70 ശതമാനവും പദ്ധതി നിബന്ധനകളോടെ ധനസഹായമായി ലഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ജില്ലകളിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ അടുത്തുള്ള കൃഷിഭവനുമായോ ബന്ധപ്പെടുക.

2. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിലുള്ള കുടപ്പനക്കുന്ന് ബ്രോയിലർ ബ്രീഡർ ഫാമിലെ മുട്ടയുത്പാദാനം കഴിഞ്ഞതും ഏകദേശം 4.5 കിലോ ഭാരമുള്ളതുമായ മാതൃ-പിതൃ ശേഖരത്തിൽപ്പെട്ട രണ്ടായിരത്തിൽപ്പരം കോഴികളെ സ്റ്റോക്ക് തീരുന്നതുവരെ ദിവസവും രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണി വരെ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ടെന്ന് മാനേജിംഗ് ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **0471-2478585, 9495000914** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

3. കാർഷിക മേഖലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർദ്ധനസംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതിയുടെ ഓൺലൈൻ അപേക്ഷകൾ സ്വീകരിച്ചു തുടങ്ങി. കൂടുതൽ വിവരങ്ങൾക്ക് www.sfackerala.org എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ, **1800-425-1661** എന്ന ടോൾഫ്രീ നമ്പരിൽ ബന്ധപ്പെടുകയോ ചെയ്യുക.

4. കോട്ടയം ജില്ലയിലെ മണർകാട് പ്രാദേശിക കോഴിവളർത്തൽ കേന്ദ്രത്തിൽ എല്ലാ ചൊവ്വ, വെള്ളി ദിവസങ്ങളിൽ ഒരു ദിവസം പ്രായമായ ഗ്രാമശ്രീ പിട കോഴിക്കുഞ്ഞുങ്ങൾ 22 രൂപ നിരക്കിലും പൂവൻ 10 രൂപ നിരക്കിലും വിതരണം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക് **0481-2373710, 8301897710** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (കെയ്കോ) വിവിധ പ്രോജക്ടുകൾക്കായി പരിചയ സമ്പന്നരും കാർഷിക മേഖലകളിൽ യോഗ്യതയും ഉള്ള സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ എന്നീ വിഭാഗങ്ങളിൽ പ്രോജക്ട് കൺസൽട്ടന്റ്മാരെ എംപാനൽമെന്റ് ചെയ്യുന്നതിനുള്ള അപേക്ഷ ക്ഷണിച്ചു. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി **ഏപ്രിൽ 8** ആണ്. കൂടുതൽ വിവരങ്ങൾക്ക് www.keralaagro.com എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ, **0471-2471343/2471344** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുകയോ ചെയ്യുക.

6. കാസർഗോഡ് ജില്ലയിലെ പടന്നക്കാട് കാർഷിക കോളേജിലെ ഹൈ-ടെക് നഴ്സറിയിൽ നിന്നും നാഗപതിവയ്ക്കൽ രീതിയിൽ വേര് പിടിപ്പിച്ച അത്യുത്പാദനശേഷിയുള്ള **പന്നിയൂർ വിജയ്, കരിമുണ്ട** എന്നീ ഇനങ്ങളിലുള്ള കുരുമുളകിൻ തൈകൾ തൈ ഒന്നിന് 25 രൂപ നിരക്കിൽ ഇൻസ്ട്രക്ഷണൽ ഫാം ഓഫീസിൽ നിന്നും ലഭ്യമാണ്.

### പരിശീലന പരിപാടികൾ

7. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 05-ന് (ഏപ്രിൽ 5) രാവിലെ 11 മണി മുതൽ **മൂല്യവർദ്ധിത പാലുത്പന്നങ്ങൾ ആരോഗ്യത്തിനും ആദായത്തിനും** എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് മുഖേന ഓൺലൈൻ പരിശീലനം നടത്തുന്നു. താത്പര്യമുള്ളവർ ഈ മാസം 4-ന് വൈകിട്ട് 5 മണി വരെ **0476-2698550** എന്ന ഫോൺ നമ്പരിൽ വിളിച്ചോ **8075028868** എന്ന വാട്ട്സാപ്പ് നമ്പരിലേക്ക് പേരും മേൽവിലാസവും അയച്ചു നൽകിയോ പരിശീലനത്തിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്. xqw-jqat-weh എന്നതാണ് ഗൂഗിൾമീറ്റ് ലിങ്ക്.

### കാർഷിക നിർദ്ദേശങ്ങൾ

8. ജാതിയിൽ ജല ദൗർലഭ്യത്തിന്റെ ആദ്യ ലക്ഷണമായ കായ് ചുങ്ങൽ/കായ വാടിവീഴുക എന്നീ ലക്ഷണങ്ങൾ കാണുന്ന ഘട്ടത്തിൽ ജലസേചനം അത്യന്താപേക്ഷിതമാണ്. ജാതിയുടെ ചുവട്ടിൽ പുതയിടൽ നിർബന്ധമായും അനുവർത്തിക്കുക. സൾഫേറ്റ് ഓഫ് പൊട്ടാഷ് 5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ചുകൊടുക്കുന്നത് വരൾച്ചയെ പ്രതിരോധിക്കാൻ ഒരു പരിധി വരെ



ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സഹായിക്കുന്നു. വേനൽക്കാലത്തു ജാതിയിൽ ഉണ്ടാകുന്ന പ്രധാന രോഗങ്ങൾ കായ് കൊഴിച്ചിലും, കൊമ്പുണക്കവും, കരിപ്പൂപ്പ് രോഗവുമാണ്. അവയ്ക്കായുള്ള സംയോജിത നിയന്ത്രണ മാർഗങ്ങൾ ഇനി പറയുന്നു. രോഗം ബാധിച്ച ഇലകളും കായ്കളും നശിപ്പിക്കുകയും ഉണങ്ങിയ കൊമ്പുകൾ വെട്ടി നശിപ്പിക്കുകയും ചെയ്ത്, തോട്ടത്തിൽ മുഴുവനായും ശുചിത്വം പാലിക്കുക. ജാതിയിൽ കായ് പിടുത്തം കുട്ടുന്നതിനും, കായ് കൊഴിച്ചിൽ തടയുന്നതിനും, കുമിൾ രോഗബാധ നിയന്ത്രിക്കുന്നതിനും സ്യൂഡോമോണാസ് ഫ്ളൂറസൻസ് 20 ഗ്രാം ഒരു ലിറ്റർ വീര്യത്തിൽ കായ്പിടുത്ത സമയത്ത് തളിച്ചുകൊടുക്കുക. 20 ഗ്രാം ചാണകം ഒരു ലിറ്റർ വെള്ളത്തിൽ കലക്കിയ ലായനിയുടെ തെളിയിൽ 20 ഗ്രാം സ്യൂഡോമോണാസ് ചേർത്ത് തളിയ്ക്കുന്നത് കൂടുതൽ ഫലപ്രദമാണ്. പൊട്ടാഷ് കുറവിന്റെ ലക്ഷണം കാണിക്കുന്ന മരങ്ങളിൽ കൃത്യമായി വളപ്രയോഗം നടത്തുക. കരിംപൂപ്പ് രോഗങ്ങൾ കാണുന്ന ഇലകളിൽ കഞ്ഞിവെള്ളം തളിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം